പത്രാധിപക്കുറിപ്പ്

# ഭരണകൂടം ആരെയാണ് ഭയക്കുന്നത്?

2014 ഡിസംബര്‍ 22 അര്‍ദ്ധരാത്രിയില്‍ കേരളീയത്തിന്റെ ഓഫീസിലുണ്ടായ അകാരണമായ പോലീസ് റെയ്ഡിനെ തുടര്‍ന്ന് എഴുതുന്നത്.

**2014** ഡിസംബര്‍ 22 അര്‍ദ്ധരാത്രിയില്‍ സായുധ പോലീസിനാല്‍ റെയ്ഡ് ചെയ്യപ്പെട്ടതിലൂടെ ഭരണകൂട നയപദ്ധതിയുടെ സവിശേഷമായ ഒരു കരിംപട്ടികയില്‍ ഇടംപിടിക്കപ്പെട്ടിരിക്കുകയാണ് കേരളീയം മാസികയും. ദേശവിരുദ്ധതയെന്ന സംശയാരോപണത്തിനായി സൃഷ്ടിച്ചിരിക്കുന്ന സ്റ്റേറ്റ് മാനദണ്ഡങ്ങളിലെ മാവോയിസം എന്ന മേല്‍വിലാസക്കുറി തന്നെ കേരളീയത്തിന് മേല്‍ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. അതോടെ, അസമയത്ത് ഒരു മാധ്യമസ്ഥാപനത്തിലേക്ക് ഇരച്ചുകയറാന്‍ അടിയന്തരാവസ്ഥയുടെ ആനുകൂല്യം പോലും വേണ്ടിവന്നില്ല കേരള പോലീസിന്. ആഗോള മൂലധനത്തിന്റെ സ്വതന്ത്രസഞ്ചാരത്തിനും കോര്‍പ്പറേറ്റ് വിഭവചൂഷണത്തിനും കളമൊരുക്കിക്കൊടുക്കുന്ന സൈനിക-പോലീസ് പരീക്ഷണശാലകള്‍ കേരളത്തിലും കുറച്ചുകാലങ്ങളായി സജീവമായിത്തുടങ്ങിയതിനാല്‍ ഈ റെയ്ഡില്‍ ഒട്ടും അത്ഭുതപ്പെടാനില്ല. സര്‍ക്കാര്‍ സ്പോണ്‍സേര്‍ഡ് വികസന തീവ്രവാദത്തെ ചോദ്യം ചെയ്യുന്ന 'തീവ്രവാദി'കളുടെ വീട്ടിലേക്ക് പാതിരയ്ക്ക് പോലീസ് പാഞ്ഞുകയറുമെന്ന വ്യക്തമായ സൂചനയായി കേരളീയം റെയ്ഡ് മാറിയിരിക്കുന്നു. ജനകീയ സമരങ്ങളുമായി ബന്ധം പുലര്‍ത്തുന്നതുകൊണ്ടുള്ള ചില സംശയങ്ങളാണ് കേരളീയം റെയ്ഡിന് കാരണമെന്ന്, പിറ്റേന്ന് മാധ്യമങ്ങള്‍ക്ക് പോലീസ് നല്‍കിയ വിശദീകരണം ഇക്കാര്യത്തില്‍ വ്യക്തമായ ഒരു ചിത്രം നല്‍കുന്നുണ്ട്.

മൂലധനതാത്പര്യങ്ങളുടെ സ്വപ്നഭൂമിയായി മാറിയിരിക്കുന്ന കേരളത്തില്‍, കാടും മലയും പുഴയും കടലുമെല്ലാം സ്വകാര്യനിക്ഷേപങ്ങളുടെ ലാഭസ്രോതസ്സുകള്‍ മാത്രമായി മാറിത്തുടങ്ങിയതോടെ പ്രതിഷേധസ്വരങ്ങളെ സുശക്തമായി നേരിടുന്നതിനുള്ള സംവിധാനങ്ങള്‍ സജ്ജമാക്കിയിരിക്കുകയാണ് കേരളവും. പ്രതിരോധങ്ങളെ നേരിടുന്നതിനുള്ള സൈനീക സന്നാഹങ്ങള്‍ വിപുലപ്പെടുത്തിയും അവകാശങ്ങളെ നിയന്ത്രിക്കുന്ന നിയമനിര്‍മാണങ്ങള്‍ നടത്തിയും ഭരണകൂടങ്ങള്‍ തുടരുന്ന ഒരു ആഗോളപദ്ധതിയുടെ തുടര്‍ച്ചകള്‍ കേരളത്തിലും സജീവമാവുകയാണ്. സംശയം തോന്നിയാല്‍ ആരെയും ഏത് പാതിരാത്രയിലും റെയ്ഡ് ചെയ്യുമെന്ന, കേരളീയം റെയ്ഡിനോടുള്ള ആഭ്യന്തര മന്ത്രിയുടെ ധാര്‍ഷ്ട്യം കലര്‍ന്ന പ്രതികരണത്തില്‍ അമിതാധികാര പ്രയോഗത്തിന്റെ പുതിയ സൂചനകള്‍ വെളിപ്പെടുന്നുണ്ട്. കരുണാകരന്റെ അടിയന്തരാവസ്ഥ പീഢനങ്ങളുടെ തുടര്‍ച്ചയല്ല, അതിലും ശ

ക്തമായ ഒരു ആഗോള പോലീസ്‌രാജിന്റെ പ്രതിഫലനങ്ങളാണ് രമേശ് ചെന്നിത്തലയിൽ ദൃശ്യമാകുന്നത്. ജയറാം പടിക്കലിന്റെയോ പുലിക്കോടന്റെയോ പരുക്കൻ ഭാവങ്ങളേക്കാൾ അക്രമണോത്സുകത പ്രത്യക്ഷ സൗമത്യയ്ക്ക് പിന്നിൽ മറച്ചുവയ്ക്കാൻ കഴിയുംവിധം പോലീസ് സംവിധാനങ്ങൾ പുനഃക്രമീകരിക്കപ്പെട്ടിരിക്കുന്നു.

അധിനിവേശ പ്രദേശത്തെ ജനതയോട് ബ്രിട്ടീഷ് കൊളോണിയൽ പോലീസ് സ്വീകരിച്ചിരുന്ന സമീപനത്തിന്റെ തുടരൽ നവരൂപങ്ങളിൽ ഇന്നും പ്രകടമായിതന്നെയുണ്ട്. ദേശരാഷ്ട്രങ്ങളുടെ നിലനിൽപ്പ് തന്നെ പൗരന്മാരെ നിയന്ത്രിക്കുന്നതിനുള്ള അധികാരപ്രയോഗങ്ങളെ മാത്രം ആശ്രയിച്ച് മുന്നോട്ടു പോകുന്ന കാലത്ത് സർവൈലൻസ് മുതൽ സൈനീകവത്കരണം വരെ വളരെ സ്വാഭാവികമായിത്തീരുന്നു. പാവം കേരള പോലീ

ജനാധിപത്യ ഭരണസംവിധാനങ്ങളുടെ പോലും ഉള്ളറയിൽ അടിഞ്ഞുകൂടിയിരിക്കുന്ന ഈ ജനാധിപത്യവിരുദ്ധതയെ തിരിച്ചറിയാൻ കഴിയുന്ന സമൂഹത്തിനേ ജനാധിപത്യത്തിന്റെ ഭാവിയെ നിർണ്ണയിക്കാൻ കഴിയൂ. രാജ്യത്ത് നിലനിൽക്കുന്ന അപ്രഖ്യാപിത അടിയന്തരാവസ്ഥയേക്കാൾ ഭീകരമാണ് പൊതുസമൂഹത്തിന്റെ ഈ അപ്രഖ്യാപിത അടിമത്തം.

സും അവരറിയാതെ ആ പദ്ധതിയുടെ ഭാഗമായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജനാധിപത്യത്തിലെ പോലീസ്, കൊളോണിയൽ പോലീസിലേക്ക് ഘർവാപസി നടത്തുകയാണ്. ആ പഴയ വീട്, നിറയെ സുരക്ഷാ വാതിലുകളും രഹസ്യചാരന്മാരും അണ്ടാസെല്ലുകളുമായി ഒന്ന് പുതുക്കി പണിതിട്ടുണ്ടെന്ന് മാത്രം.

മാവോയിസ്റ്റ് വേട്ടയ്ക്കായി മധ്യപൂർവ ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട ഗ്രേ ഹൗണ്ട്സ്, കോബ്ര തുടങ്ങിയ പ്രത്യേക കമാൻഡോ വിഭാഗങ്ങളുടെ കേരള രൂപമായ തണ്ടർബോൾട്ട് തന്നെ ഈ പറഞ്ഞ വസ്തുതകൾക്ക് പ്രത്യക്ഷമായ തെളിവാണ്. യുദ്ധസമാനമായ ഒരു സാഹചര്യമുണ്ടെന്ന് വരുത്തീർക്കുകയാണ് ഈ സൈനീകവത്കരണത്തിന്റെ മൂലധനം. വയനാട്ടിലെ വെള്ളമുണ്ടയിൽ മാവോയിസ്റ്റുകളുമായി മുഖാമുഖം ഒരു വെടിവയ്പ്പുപോലും സംഭവിച്ചിരിക്കുന്നു!! അവ്യക്തതകൾ ഏറെയുള്ളതിനാൽ, ശരിക്കും വെടിയ്പ്പുണ്ടായോ എന്ന ന്യായമായ സംശയം ചോദിച്ച മാധ്യമപ്രവർത്തകനോട് സ്റ്റേറ്റിന്റെ താത്പര്യങ്ങൾക്ക് വിരുദ്ധമായ ചോദ്യങ്ങൾ ചോദിക്കരുതെന്നാണ് ആഭ്യന്തര മന്ത്രി പറഞ്ഞത്. ആധുനിക സ്റ്റേറ്റിന് അനുയോജ്യനായ പോലീസ് മന്ത്രിയുടെ രൂപഭാവങ്ങൾ രമേശ് ചെന്നിത്തലയിൽ ഭദ്രം. പക്ഷെ പോലീസ് നടപടികളിൽ അന്തർലീനമായിരിക്കുന്ന അമിതാധികാരപ്രയോഗങ്ങളെ ഒരു സ്വാഭവിക നടപടിയായി മാത്രം വിലയിരുത്തുന്ന പൊതുബോധം നിലനിൽത്തിക്കൊണ്ട് ഭരണകൂടം അതിന്റെ ദുഷ്ചെയ്തികൾക്ക് നിയമസാധുത കണ്ടെത്തുകയാണ്. ജനാധിപത്യ ഭരണസംവിധാനങ്ങളുടെ പോലും ഉള്ളറയിൽ അടിഞ്ഞുകൂടിയിരിക്കുന്ന ഈ ജനാധിപത്യ വിരുദ്ധതയെ തിരിച്ചറിയാൻ കഴിയുന്ന സമൂഹത്തിനേ ജനാധിപത്യത്തിന്റെ ഭാവിയെ നിർണ്ണയിക്കാൻ കഴിയൂ. രാജ്യത്ത് നിലനിൽക്കുന്ന അപ്രഖ്യാപിത അടിയന്തരാവസ്ഥയേക്കാൾ ഭീകരമാണ് പൊതുസമൂഹത്തിന്റെ ഈ അപ്രഖ്യാപിത അടിമത്തം. അത് മറികടക്കുന്നതിലൂടെയേ ഏകാധിപത്യത്തിലേക്ക് വഴിമാറിക്കൊണ്ടിരിക്കുന്ന ആധുനിക ദേശരാഷ്ട്രങ്ങളുടെ ജനാധിപത്യവത്കരണം സാധ്യമാകൂ. സിവിൽസമൂഹ പ്രസ്ഥാനങ്ങളെല്ലാം ഈ പ്രതിസന്ധിയെ വ്യക്തമായി വിലയിരുത്തി മുന്നോട്ട് പോകേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. നിർഭാഗ്യവശാൽ ഇരകളാക്കപ്പെടുന്നവർക്ക് മാത്രം മനസ്സിലാകുന്ന ഒരു യാഥാർത്ഥ്യമായാണ് ഇത് ഇപ്പോഴും നിലനിൽക്കുന്നത്. ഇടയ്ക്കിടെ ഇറോം ശർമ്മിളയേയും ബിനായക് സെന്നിനെയും കുറിച്ച് പറയുന്നുണ്ടെങ്കിലും ആംഡ് ഫോഴ്സ് സ്പെഷ്യൽ പവേഴ്സ് ആക്ട് അങ്ങ് മണിപ്പൂരിലും ഛത്തീസ്ഗഢിലും കാശ്മീരിലും മാത്രം നടപ്പിലാക്കാൻ കഴിയുന്ന ഒരു നിയമമാണെന്ന മിഥ്യാധാരണ കേരളത്തിൽ പ്രകടമായി നിലനിൽക്കുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനും നീതിക്കും വേണ്ടിയുള്ള സമരങ്ങൾ ഏറെ നടക്കുന്ന ഭൂപ്രദേശമായിട്ടും പോലീസിംഗിന്റെ ആഗോളമാനത്തെക്കുറിച്ചുള്ള അജ്ഞത പ്രതിസന്ധികളെ രൂക്ഷമാക്കുന്നു. മാവോയിസ്റ്റ് ഗ്രൂപ്പുകളുടെ സാന്നിധ്യം ഉണ്ടെന്നത് യാഥാർത്ഥ്യമായിരിക്കുമ്പോൾ തന്നെ അതിനെ നേരിടാനെന്ന പേരിൽ ശക്തിപ്രാപിക്കുന്ന പോലീസ് സംവിധാനം എല്ലാ പ്രതിഷേധ ശബ്ദങ്ങൾക്കു നേരെയും തിരിയുമെന്ന സത്യം വൈകിയാണെങ്കിലും കേരളത്തിൽ തിരിച്ചറിയപ്പെട്ടു

കൊണ്ടിരിക്കുകയാണ്. അഹിംസാത്മകമായ ജനകീയസമരങ്ങളോടുള്ള ആഭിമുഖ്യം വ്യക്തമാക്കിക്കൊണ്ട്, കഴിഞ്ഞ 17 വർഷമായി തീർത്തും സുതാര്യമായി പ്രവർത്തിക്കുന്ന കേരളീയം മാസികയ്ക്ക് നേരെയുണ്ടായ പോലീസ് നടപടിയും അത്തരം ചിന്തകൾക്ക് വഴിതുറന്നിട്ടുണ്ട്.

അഞ്ച് വർഷം കൂടുമ്പോൾ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിൽ വിരലമർത്തുന്ന തരത്തിലുള്ള ഒരു സാങ്കേതികവിദ്യയായി ജനാധിപത്യം അധഃപതിച്ചതിന്റെ പ്രതിസന്ധികൾ ഇന്ത്യയിൽ എല്ലായിടത്തും പ്രകടമാണ്. ജനാധികാരത്തെ മാനിക്കാത്ത ഒരു ദേശരാഷ്ട്രത്തിന്റെ അനിവാര്യമായ പ്രതിസന്ധികളിലൂടെ രാജ്യം പോകുന്ന കാലത്തുതന്നെ മോദിയെപ്പോലെ ഏകാധിപതിയായ ഒരു ഭരണാധികാരികൂടി സംഭവ്യമായിരിക്കുന്നതിന്റെ ഉത്കണ്ഠകൾ ഇന്ന് പ്രകടം. കോർപ്പറേറ്റ് വാഴ്ചയ്ക്ക് വിഘാതമായി നിൽക്കുന്നവരെ എങ്ങനെയാണ് നേരിടാൻ പോകുന്നത് എന്നത് കേന്ദ്രസർക്കാർ ആദ്യനാളുകളിൽ തന്നെ വ്യക്തമാക്കിക്കഴിഞ്ഞു. വികസന വിരോധികളുടെയെല്ലാം ലിസ്റ്റ് എടുത്തുകൊണ്ടിരിക്കുകായണ്. പലർക്ക് നേരെയും നടപടികളും തുടങ്ങിയിട്ടുണ്ട്. കൂടാതെ നിരന്തര പോരാട്ടങ്ങളുടെ സമ്മർദ്ദഫലമായി സാധ്യമാക്കപ്പെട്ട പല ജനോപകാര നിയമങ്ങളുടെയും പൊളിച്ചെഴുത്തും തുടങ്ങിയിരിക്കുന്നു. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ കേരള ഗവർണറുടെ മേശപ്പുറത്തേക്ക് തന്നെ മടങ്ങിയെത്തി. കൊക്കക്കോളയ്ക്ക് വേണ്ടി കേസുചമയ്ക്കുന്ന വക്കീലിന് പത്മഭൂഷൺ പുരസ്കാരവും. നിലവിലെ ഭരണസംവിധാനത്തോടുള്ള അതൃപ്തികൾ ജനങ്ങൾക്കിടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിഭവകൊള്ളയ്ക്കെതിരായ തദ്ദേശീയ ജനതയുടെ സമരങ്ങൾ അനുദിനം പടർന്നുകൊണ്ടേയിരിക്കുന്നു. ഒപ്പം സാംസ്കാരിക ജീർണ്ണതകൾക്കും ഫാസിസത്തിനും എതിരായ യുവതയുടെ പ്രതികരണങ്ങൾ സമരചുംബനങ്ങളായി തെരുവുകൾ കീഴടക്കാനും തുടങ്ങി. തീവ്രനൈരാശ്യത്തിന്റെ അസ്വസ്ഥതകൾ സോഷ്യൽമീഡിയ പോലെയുള്ള വെർച്വൽ സമൂഹങ്ങൾ ഏകോപിപ്പിക്കുക കൂടി ചെയ്തിരിക്കുന്നതിലൂടെ സംഭവ്യമായിരിക്കുന്ന കരുത്തിനെ ഭരണകൂടം ഭയന്നുതുടങ്ങിയിരിക്കുന്നു. കാരണം അവർക്ക് നഷ്ടപ്പെടാൻ പലതുമുണ്ട്. വലിയ കോർപ്പറേറ്റ് നിക്ഷേപങ്ങളിൽ പോലും രാഷ്ട്രീയ നേതൃത്വങ്ങൾക്ക് നേരിട്ട് ബന്ധമുണ്ട്. (അതുകൊണ്ടാണല്ലോ നിയമലംഘനം നടത്തിയതായി കണ്ടെത്തിയിരിക്കുന്ന ഡി.എൽ.എഫ് ഫ്ളാറ്റ് പൊളിക്കാതിരിക്കുന്നതും നിരാലംബർ ബലപ്രയോഗത്താൽ കുടിയൊഴിപ്പിക്കപ്പെടുന്നതും). വൈബ്രന്റ് ഗുജറാത്തെന്നും എമർജിംഗ് കേരളയെന്നുമെല്ലാം ആംഗലേയ പദാവലികൾ നിരത്തി നിക്ഷേപകരെ ആവാഹിക്കുന്ന ഭരണാധികാരികൾക്ക് വികസന വിരോധികൾ ഒരു തടസ്സം തന്നെയാണ്. ഈ പ്രതിബന്ധങ്ങൾ നീക്കുന്നതിനാവശ്യമായ ഭരണപരിഷ്കരണങ്ങൾ പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെ ഓർഡിനൻസ് രാജിലൂടെ നടപ്പിലാക്കുന്ന വിധം ദുർബലമായിരിക്കുകയാണ് ഇന്ത്യൻ ജനാധിപത്യം. അതുകൊണ്ട് ഭയപ്പെടുത്തി ഭരിക്കാൻ തന്നെ അവർ തീരുമാനിച്ചിരിക്കുന്നു.

പലയിടങ്ങളിൽ നിന്നും സംഘടിതമായ ഒരു തിരിച്ചറിവ് ഇക്കാര്യത്തിൽ രൂപപ്പെടുന്നതിനെ ചെറുക്കുന്നതിനുള്ള ഉത്തമ സംവിധാനമായി സൈന്യത്തെയും പോലീസിനെയും തന്നെയാണ് നരേന്ദ്രമോദി മുതൽ ഉമ്മൻ ചാണ്ടിവരെയുള്ളവർ ഉപയോഗിക്കാൻ പോകുന്നത്. മറ്റ് രാജ്യങ്ങളുമായൊന്നും അതിരുപങ്കിടാത്ത കൊച്ചുകേരളത്തിൽ പോലും അതിർത്തിരക്ഷാസേന (ബി.എസ്.എഫ്)യുടെ മൂന്ന് കേന്ദ്രങ്ങളാണ് പ്രവർത്തനം തുടങ്ങിയിരിക്കുന്നത്. അതിർത്തിരക്ഷാസേനാ (ഭേദഗതി) നിയമം 2011, സേനയ്ക്ക് ഇന്ത്യയുടെ അതിർത്തി പ്രദേശങ്ങളല്ലാത്തിടങ്ങളിലും പോലിസിംഗ് അധികാരം നൽകിയിട്ടുണ്ട്. (യന്ത്രത്തോക്കുൾ സജീവമാകുന്നതോടെ ഉലക്ക പ്രയോഗമെല്ലാം ഇനി അടിയന്തരാവസ്ഥയുടെ ഓർമ്മമാത്രമായി അവശേഷിക്കും). ഭീകരപ്രവർത്തനങ്ങളെ നേരിടുന്നതിനുള്ള ഇന്ത്യ റിസർവ് ബറ്റാലിയൻ ഇപ്പോൾ തന്നെ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. മാവോയിസ്റ്റ് തണ്ടർബോൾട്ട്ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ ഭാഗമായ കമാൻഡോ വിഭാഗമാണ്.

ഇന്റലിജൻസ് ബ്യൂറോയുടെ ദുരുപയോഗമാണ് സർക്കാർ പരിഗണിച്ചിരിക്കുന്ന മറ്റൊരു സാധ്യത. വിമതശബ്ദങ്ങളെ സുരക്ഷാപ്രശ്നങ്ങളായി അവതരിപ്പിച്ച്, തങ്ങളുടെ സിൽബന്തികളായ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്ന ജോലി നിർവഹിക്കുന്നതിലൂടെ ഭരണകൂടത്തിന്റെ നിയമസാധുതയ്ക്ക് സാമൂഹികാംഗീകാരം നേടിക്കൊടുക്കുകയാണ് ഐ.ബി ചെയ്യുന്നത്. ഐ.ബിയുടെ ജന്മോദ്ദേശം പോലും ഭരണകൂടത്തിനെതിരായ പ്രതിഷേധങ്ങളെ ഇല്ലായ്മ ചെയ്യുക എന്നതായിരുന്നു. 1885ൽ കോൺഗ്രസ് രൂപീകരിക്കപ്പെട്ടതിനു ശേഷമാണ് ഐ.ബിയുടെ ആദ്യരൂപമായ സെൻട്രൽ സ്പെഷ്യൽ ബ്രാഞ്ച് സ്ഥാപിക്കപ്പെടുന്നത്. ദേശീയപ്രസ്ഥാനത്തിന്റെ ചലന

അതിരൂക്ഷമായ ഈ പ്രതിസന്ധികളെ, സമഗ്രമായ ജീവിതദർശനത്തെ മുൻനിർത്തി അഭിമുഖീകരിക്കാൻ കഴിയുന്ന സ്വതന്ത്ര രാഷ്ട്രീയ ഗ്രൂപ്പുകളുടെ അഭാവം ഒരു ശൂന്യത സൃഷ്ടിക്കുന്നുണ്ട്. ജനാധിപത്യ അവകാശങ്ങൾക്കായി സംസാരിക്കുന്ന പല സംഘങ്ങളും രാഷ്ട്രീയമായി ഏതെങ്കിലും പ്രസ്ഥാനങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടുതന്നെ സാമൂഹിക നീതിക്കുവേണ്ടി പലവിധത്തിൽ പോരാടാനുള്ള, എല്ലാവിധ ജനങ്ങളുടെയും അവകാശങ്ങളെ വികസിപ്പിക്കാൻ അവർക്ക് കഴിയാതെ വരുന്നു. മൂലധനത്തിന്റെയും ആഗോള മുതലാളിത്തത്തിന്റെയും വളർച്ചയുടെയും വ്യാപനത്തിന്റെയും ഫലമായി ഭരണകൂടസ്ഥാപനങ്ങളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും മതങ്ങളുടെയും ഉള്ളിൽ വികസിച്ചുവന്ന മനുഷ്യത്വ വിരുദ്ധതയെ സമഗ്രമായി പരിഗണിക്കുന്നതിൽ അത്തരം ഗ്രൂപ്പുകൾ വികസിക്കാതെ പോകുന്നു. മനുഷ്യന്റെ ജൈവാസ്തിത്വത്തിന്റെ സഹജഭാവങ്ങളെയെല്ലാം നിയന്ത്രിക്കുന്ന തരത്തിലേക്ക് പുനഃക്രമീകരിക്കപ്പെട്ടിരിക്കുന്ന ആഗോള പരമാധികാരത്തിന്റെ നവരൂപങ്ങളെ എങ്ങനെ പ്രതിരോധിക്കാം എന്നതിന് ഇവർക്ക് സർഗാത്മകമായ ഉത്തരങ്ങളേയില്ല. ഇന്ത്യയിലെ മാവോയിസ്റ്റ് സംഘങ്ങളും ഇത്തരം സങ്കീർണ്ണമായ സാമൂഹ്യ സാഹചര്യങ്ങളെ വിലയിരുത്തുന്നതിലും സ്വാംശീകരിക്കുന്നതിലും പരാജയപ്പെട്ടിരിക്കുകയാണ്. നിലനിൽക്കുന്ന വ്യവസ്ഥയോടുള്ള അതൃപ്തിയും പ്രതിഹിംസയും മാത്രമാണ് അവരുടെ കൈമുതൽ. ജീവിതത്തിന്റെ സമസ്ത മേഖലകളെയും സമന്വയിപ്പിക്കാൻ കഴിയുന്ന ഒരു ബദൽ മാതൃക വികസിപ്പിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല. കാരണം, സൈനീക ഗറില്ലാ പോരാട്ടത്തിലൂടെ ഒളിച്ചുകടത്താൻ കഴിയുന്ന ഒന്നല്ല സാമ്രാജ്യത്വത്തിനും മുതലാളിത്തത്തിനും എതിരായ സമഗ്രജീവിത പദ്ധതി. ആശയസംവാദങ്ങൾ സാധ്യമാക്കും വിധമുള്ള നവജനാധിപത്യ സമരരൂപങ്ങളാണ് സങ്കീർണ്ണമായ സാമൂഹിക അടരുകളുള്ള ഇന്ത്യയിൽ അതിലും അനുയോജ്യമെന്നത് ചരിത്രവസ്തുതയാണ്. സായുധ പോരാട്ടത്തിൽ വിശ്വസിക്കുന്നതിനുള്ള ആരുടെയും സ്വാതന്ത്ര്യത്തെ തള്ളിപ്പറയുന്നില്ല. അതും ചരിത്രപ്രക്രിയയുടെ ഭാഗമാണ്. എന്നാൽ പൗരാവകാശങ്ങളെ ഏറെക്കുറേ മാനിക്കുന്ന തരത്തിലുള്ള ഒരു ഭരണഘടനയും ജനാധിപത്യ ഭരണക്രമവും ഇന്ത്യയിൽ സാധ്യമായതിന് പിന്നിൽ, സിവിൽ നിയമലംഘനങ്ങൾ ഉൾപ്പെടെയുള്ള സമരരൂപങ്ങളിലൂടെ അഹിം

ങ്ങൾ നിരീക്ഷിച്ച് ബ്രിട്ടീഷ് സർക്കാറിന് കൈമാറുക എന്നതായിരുന്നു ലക്ഷ്യം. അതിപ്പോഴും അവർ തുടരുന്നു. കൈമാറുന്നത് ജനാധിപത്യ സർക്കാറിനാണെന്ന് മാത്രം. മറ്റ് രാജ്യങ്ങളിലെ രഹസ്യാന്വേഷണ വിഭാഗങ്ങൾ അവിടെയുള്ള പാർലമെന്റിനോടു പ്രതിജ്ഞാബദ്ധമായാണ് പ്രവർത്തിക്കുന്നത്. എന്നാൽ, സ്വാതന്ത്ര്യം കിട്ടി അരനൂറ്റാണ്ടിനു ശേഷവും ഇന്ത്യയുടെ ഇന്റലിജൻസ് ബ്യൂറോ ആരോടാണു കീഴ്പ്പെട്ടിരിക്കുന്നതെന്ന ചോദ്യം ഇപ്പോഴും കോടതിവ്യവഹാരങ്ങളിലാണ്. പ്രധാനമന്ത്രിയോടു മാത്രം ഉത്തരവാദിത്തമുള്ള സംവിധാനമായി നിലനിൽക്കുന്ന ഐ.ബി ആരോട് കൂറുകാണിക്കുന്നു എന്നതിന് വ്യക്തമായ തെളിവായിരുന്നു ആണവവിരുദ്ധ സമരപ്രവർത്തകരെയും പരിസ്ഥിതി സംരക്ഷണ സംഘടനകളെയുമെല്ലാം രാജ്യദ്രോഹികളായി ലിസ്റ്റ് ചെയ്ത, 2014 ജൂൺ 3ന് ചോർന്ന ഐ.ബി ലിസ്റ്റ്.

കേരളത്തിലും രഹസ്യാന്വേഷണ വിഭാഗത്തിന്റെ സ്ഥിതി വ്യത്യസ്തമല്ല. ഊഹങ്ങളും മുൻവിധികളും വച്ചുകൊണ്ടാണ് അത് പ്രവർത്തിക്കുന്നത്. രഹസ്യാന്വേഷണ വിഭാഗത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം പോലും ഹനിക്കുന്ന അപകടകരമായ സ്ഥിതി കേരളത്തിൽ വളർന്നുവരുന്നുണ്ട്. രഹസ്യാന്വേഷണ വിഭാഗം വസ്തുതാപരമായ വിവരങ്ങൾ സർക്കാറിന് കൊടുക്കണമെന്നില്ല. ചില നിഗമനങ്ങൾ മാത്രം നൽകായിൽ മതി. എന്നിട്ടും അതെല്ലാം വിസ്തരിച്ച് വലിയ വാർത്തയാക്കി കൊടുക്കുന്ന പല മുഖ്യധാരാ പത്രങ്ങളും പൗരസ്വാതന്ത്ര്യത്തിന് ഒരു ഭീഷണിയായി മാറുകയാണ്.

മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് രഹസ്യപോലീസ് ഭരണകൂടങ്ങളോടുള്ള തങ്ങളുടെ ബാധ്യത കൃത്യമായി നിറവേറ്റുന്നത്. സെൻസേഷണലിസത്തിൽ അഭിരമിച്ചിരിക്കുന്ന പല മാധ്യമപ്രവർത്തകരും വ്യക്തമായ ബോധ്യമില്ലാതെയും ചിലപ്പോൾ മറ്റുപല താത്പര്യങ്ങളാലും ഈ പോലീസ് ഭാഷ്യങ്ങളുടെ കൂലിയെഴുത്തുകാരായി മാറിയിരിക്കുകയാണ്. രാഷ്ട്രീയ നേതൃത്വങ്ങളുടെ സ്ഥാപിത താത്പര്യത്തിനായി രഹസ്യപോലീസ് കെട്ടിച്ചമച്ച ചാരവൃത്തി കേസടക്കം പൊളിഞ്ഞുപോയെങ്കിലും ഈ മാധ്യമദുശീലത്തിന് മാറ്റമില്ലെന്നതാണ് ദയനീയം. (നമ്പി നാരായണന്റെ അഭിമുഖം കൊടുക്കാൻ ഇപ്പോൾ എല്ലാവരും മത്സരിക്കുന്നുണ്ട് എന്നത് വിരോധാഭാസം).

സാത്മക സമരങ്ങൾ വികസിപ്പിച്ച സംവാദാത്മകമായ ഒരു ജനാധിപത്യ പ്ലാറ്റ്ഫോമിന്റെ പ്രതിഫലനങ്ങൾ ഉണ്ടെന്നത് തള്ളിക്കളയാനാകാത്ത സത്യമാണ്. എത്ര പരാജയങ്ങൾ സംഭവിച്ചാലും സ്വാതന്ത്ര്യാനന്തരവും പല ജനകീയ സമരങ്ങളുടെയും രൂപത്തിൽ ആ ധാര തുടർന്നുപോരുന്നുണ്ട് എന്നതാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറ. ഈ ജനാധിപത്യ-അഹിംസാത്മക സമീപനത്തിന്റെ അഭാവംമൂലം സംഭവിച്ച ജനകീയാടിത്തറ ഇല്ലായ്മയാണ് ഇന്ത്യയിൽ പലയിടത്തും മാവോയിസ്റ്റ് സംഘടനകൾ വെറും ഗറില്ലാ സംഘങ്ങൾ മാത്രമായി മാറുന്നതിന് കാരണമായിത്തീരുന്നത്.

കേരളത്തിലും ഇപ്പോൾ നടക്കുന്ന മാവോയിസ്റ്റ് ഇടപെടലുകൾ അതേ ദിശയിലാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. പശ്ചിമഘട്ടത്തിലും ആദിവാസി മേഖലകളിലുമെല്ലാം

ഹിംസയിലൂടെ ഇവർ നേടിയതിനേക്കാൾ കൂടുതൽ സ്വാധീനം അഹിംസാത്മക മാർഗ്ഗങ്ങളിലൂടെ സാധ്യമാകുമായിരുന്നില്ലേ എന്ന് ആന്ധ്രപ്രദേശിലെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ആദ്യകാല നക്സൽ സംഘടനകളോട് അനുഭാവം പുലർത്തുകയും പിന്നീട് വിമർശകനായിത്തീരുകയും ചെയ്ത പ്രമുഖ മനുഷ്യാവകാശ പ്രവർത്തകൻ കെ. ബാലഗോപാൽ ചോദിച്ച ചോദ്യം ഇപ്പോഴും പ്രസക്തമായി തുടരുന്നു.

അവർ കേന്ദ്രീകരിക്കുന്നത് തന്നെ കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ എന്ത് ഇടപെടലാണ് നടത്തേണ്ടത് എന്നതിലുള്ള അവ്യക്തത ബോധ്യമാക്കുന്നതാണ്. മാവോയിസ്റ്റ് സ്വാധീനമുള്ള മേഖലകൾക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെക്യൂരിറ്റി റിലേറ്റഡ് എക്സ്പൻഡിചർ പദ്ധതിയിൽ കേരളവും ഉൾപ്പെടുത്തപ്പെടുന്നതിന് പിന്നിൽ സി.പി.ഐ (മാവോയിസ്റ്റ്) സംഘടനയുടെ സാന്നിധ്യവും കാരണമായിട്ടുണ്ട്. അതിനെ തുടർന്നാണ് പശ്ചിമഘട്ട മേഖലകളിൽ സൈനീക വിന്യാസം നടത്തുന്ന പ്രകിയ കേരളത്തിൽ ഊർജ്ജിതമായത്. സ്വാഭാവികമായും പശ്ചിമഘട്ട സംരക്ഷണത്തിനായും ആദിവാസി അവകാശങ്ങൾക്കായും ഉയർന്നുവരുന്ന ബഹുവിധ സമരങ്ങളെ നേരിടുന്നതരത്തിലേക്ക് ഈ പോലീസിംഗ് വഴിമാറിയിട്ടുണ്ട്. ആദിവാസി വികസന ഫണ്ട് വകമാറ്റി മാവോയിസ്റ്റുകളെ നേരിടുന്നതിനായി ട്രൈബൽ ജനമൈത്രി പോലീസ് രൂപീകരിക്കുന്നു. പോലീസിന്റെ അനുമതിയില്ലാത ആദിവാസി കോളനികളിൽ പോകാൻ പോലും കഴിയാത്ത സ്ഥിതി സംജാതമായിരിക്കുന്നു. പശ്ചിമഘട്ടത്തിലെ അനധികൃത ക്വാറികൾക്കെതിരെ ഉയർന്നുവന്ന തദ്ദേശീയമായ ജനകീയ സമരങ്ങളെല്ലാം കനത്ത പോലീസ് ഇടപെടലുകളെ അഭിമുഖീകരിക്കുകയാണ്. മാവോയിസ്റ്റ് സംഘങ്ങളുടെ ഭാവനാശൂന്യമായ ഇടപെടലുകൾകൊണ്ടുകൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഈ പ്രതിസന്ധി ഫലത്തിൽ ആരെയാണ് സഹായിക്കാൻ പോകുന്നത്?

കൊളോണിയൽ-ജന്മിത്ത അധിനിവേശത്താൽ നിരാലംബരും നിസ്സഹായരുമായിത്തുടരുന്ന ആദിവാസി ജനത അധികാരത്തിൽ ഒരിടം ലഭിക്കുന്നതിനും സ്വയംനിർണ്ണയാവകാശം സാധ്യമാകുന്നതിനുമായി നടത്തുന്ന നാളുകൾ നീണ്ട ജനാധിപത്യ പോരാട്ടത്തിന് അനുഗുണമായതൊന്നും ഇപ്പോൾ നടക്കുന്ന മാവോയിസ്റ്റ് ഇടപെടുകളിലൂടെ സാധ്യമാകുമെന്ന് തോന്നുന്നില്ല. ജനാധിപത്യത്തിന്റെ സാധ്യതകളെ വിപുലപ്പെടുത്തി, രാഷ്ട്രീയാധികാരവ്യവസ്ഥയിൽ തങ്ങളുടെ പങ്കാളിത്തം ഉറപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ബഹിഷ്കൃത ജനതയുടെ ഉണർവുകളെയും അവരെ സായുധ വിപ്ലവത്തിൽ പങ്കുചേരാൻ ക്ഷണിക്കുന്ന മാവോയിസ്റ്റ് സംഘടന തള്ളിക്കളയുകയാണ്. അവർ പറയാൻ ശ്രമിക്കുന്നതിന് സ്വാഭാവികമായും ജനപിന്തുണ ലഭിക്കാതെ പോകുമ്പോൾ നിലനിൽപ്പിന് ഹിംസ ഒരു അനിവാര്യതയായി വരുന്നു. ഒരു രാഷ്ട്രീയ പ്രസ്ഥാനം പറയുന്നത് കൂടുതൽ ജനങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുമ്പോൾ തോക്കെടുക്കാതെ തന്നെ ഭരണകൂടം തനിയേ കൊഴിഞ്ഞുപോകും. അത്തരത്തിലുള്ള ഒരു സാമൂഹിക നവീകരണ പ്രകിയ ഏറ്റെടുക്കുന്നതിനുള്ള ഭാവനശേഷിയുടെ അഭാവവും ഗറില്ല പോരാട്ടത്തിന്റെ ഘടനാപരമായ പ്രതിസന്ധികളും മാവോയിസ്റ്റ് ഗ്രൂപ്പുകളെ വെറും പ്രതിഹിംസാ സംഘങ്ങൾ മാത്രമാക്കി മാറ്റുകയാണ്. കേരളത്തിൽ അത്തരം ജനകീയ സാധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിരുന്ന പോരാട്ടം പോലെയുള്ള പ്രസ്ഥാനങ്ങളും 2014 മെയ് 1ന് നടന്ന സി.പി.ഐ (എം.എൽ നക്സൽ

ബാരി), സി.പി.ഐ (മാവോയിസ്റ്റ്) ലയനത്തോടെ ആ സാധ്യതകളെയെല്ലാം സ്വയം റദ്ദുചെയ്യുകയും ചെയ്തിരിക്കുന്നു.

ജനാധിപത്യ വ്യവസ്ഥയേയും നിയമവാഴ്ചയേയും അതിലംഘിച്ച് യുദ്ധസന്നാഹമായി നിൽക്കുന്ന ഒരു ഭരണകൂടത്തോട് സൈന്യത്തിന്റെ അതേ ഭാഷയും രൂപങ്ങളും ഉപയോഗിച്ചുകൊണ്ടാണ് മാവോയിസ്റ്റുകൾക്കും സംസാരിക്കാനുള്ളത് എന്നത് ദയനീയമാണ്. ഹിംസയിലൂടെ ഇവർ നേടിയതിനേക്കാൾ കൂടുതൽ സ്വാധീനം അഹിംസാത്മക മാർഗ്ഗങ്ങളിലൂടെ സാധ്യമാകുമായിരുന്നില്ലേ എന്ന് ആന്ധ്രപ്രദേശിലെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ആദ്യകാല നക്സൽ സംഘടനകളോട് അനുഭാവം പുലർത്തുകയും പിന്നീട് വിമർശകനായിത്തീരുകയും ചെയ്ത പ്രമുഖ മനുഷ്യാവകാശ പ്രവർത്തകൻ കെ. ബാലഗോപാൽ ചോദിച്ച ചോദ്യം ഇപ്പോഴും പ്രസക്തമായി തുടരുന്നു . കൊലപാത രാഷ്ട്രീയത്തിന്റെ രൂപത്തിലേക്ക് വഴിമാറിയ ആന്ധ്രയിലെ നക്സൽ പ്രസ്ഥാനങ്ങളിൽ ബാലഗോപാൽ കണ്ടെത്തിയ ഘടനാപരമായ വൈരുദ്ധ്യങ്ങളെ മറികടക്കാൻ സി.പി.ഐ (മാവേയിസ്റ്റ്) സംഘടനയ്ക്കും കഴിഞ്ഞിട്ടില്ല എന്നാണ് മധ്യപൂർവ്വേന്ത്യയിൽ നിന്നുള്ള വർത്തമാനങ്ങൾ വ്യക്തമാക്കുന്നത്.

മാവോയിസ്റ്റുകളുടെ സംഘടനാരീതിയോടും ആശയത്തോടുമെല്ലാം ഈ രീതിയിൽ വിയോജിക്കുമ്പോൾ തന്നെ മാവോയിസത്തെ നേരിടുന്നതിനായി രാജ്യം നടത്തിക്കൊണ്ടിരിക്കുന്ന നിയവിരുദ്ധ പ്രവർത്തനങ്ങളെയെല്ലാം നാം ശക്തമായി പ്രതിരോധിക്കേണ്ടതുണ്ട്. ജനാധിപത്യത്തിലും ഭരണഘടനയിലും വിശ്വസിക്കുന്നവർക്ക് ഭരണകൂടത്തിന്റെ അധികാരപ്രയോഗങ്ങളെ ചോദ്യം ചെയ്യുന്നതിനുള്ള ബാധ്യതയുണ്ട്. ഭരണകൂടത്തിന് ജനങ്ങളോടുള്ള നിയമപരമായ ഉത്തരവാദിത്തങ്ങൾ ഉറപ്പിക്കാൻ നമുക്ക് സംവിധാനങ്ങളില്ലാത്തതിനാൽ പൗരസമൂഹത്തിന്റെ ജാഗ്രത ഇക്കാര്യത്തിൽ വളരെ പ്രധാനമാണ്. നിർഭാഗ്യവശാൽ മനുഷ്യാവകാശ ബോധം താരതമ്യേന കുറവുള്ള സമൂഹമാണ് കേരളം. സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശം മാത്രമായി മനുഷ്യാവകാശത്തെ ചുരുക്കിയ ഇടത് അവബോധം നീതിയെക്കുറിച്ചുള്ള വിപുലമായ സങ്കൽപ്പങ്ങളെ സ്വാംശീകരിക്കുന്നതിൽ പരാജയപ്പെട്ടതും അതിന് ഒരു കാരണമാണ്. മുൻ നക്സലൈറ്റായിരുന്ന സോമശേഖരൻ രാജൻ കേസിനെക്കുറിച്ച് അടുത്തിടെ ഒരു അഭിമുഖത്തിൽ സംസാരിക്കവെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഈച്ചരവാര്യർക്ക് പിന്തുണനൽകിക്കൊണ്ട് രാജന്റെ വിഷയം ഏറ്റെടുത്ത ഇടതുപക്ഷത്തിന് ഭരണകൂടാധികാരത്തിന് എതിരായ ഒരു മനുഷ്യാവകാശ പ്രശ്നമായി രാജന്റെ തിരോധാനത്തെ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞില്ല എന്ന് അദ്ദേഹം പറയുന്നു. നിരപരാധിയായ രാജനോട് ഇങ്ങനെ ചെയ്തത് തെറ്റായിപ്പോയി എന്ന തരത്തിൽ ഇടതുപക്ഷം നടത്തിയ കാമ്പയിൻ നക്സലൈറ്റ് ആയിരുന്നെങ്കിൽ എന്ത് തോന്ന്യാസവും ആകാം എന്ന ബോധത്തെ നിർമ്മിച്ചെടുത്തതായി സോമശേഖരൻ സൂചിപ്പിക്കുന്നു. കൂത്തുപറമ്പ് വെടിവയ്പ്പ് നടന്നപ്പോഴും, കേവലം എം.വി. രാഘവൻ സി.പി.എമ്മിനോട് ചെയ്ത പ്രതികാരമായി പോലീസ് നടപടിയെ കാണുന്നതിന്റെ ന്യൂനീകരണം ഇടതുപക്ഷത്തിന്റെ സമീപനത്തിലുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാണ് അവർക്ക് നേരെ വരുമ്പോൾ മാത്രം യു.എ.പി.എ പോലെയുള്ള കരിനിയമങ്ങളെ എതിർക്കുന്നതും ഭരണത്തിലെത്തുമ്പോൾ അത് പ്രയോഗിക്കാൻ തയ്യാറാകുന്നതും.

മനുഷ്യാവകാശ കാഴ്ച്ചപ്പാടുകളുടെ വികാസത്തിൽ കേരളത്തിൽ സംഭവിച്ചിരിക്കുന്ന ഈ കുറവ് മാവോയിസ്റ്റുകൾക്ക് നേരെയെന്നല്ല, ആർക്കുനേരെയും പരമാധികാരസ്വരൂപമായ ഭരണകൂടം നടത്തുന്ന അധികാരവേട്ടയ്ക്ക് വളമായി മാറുന്നുണ്ട്. ജനാധിപത്യ സമൂഹം എന്ന നിലയിൽ അതിനെ മറികടക്കാൻ നമുക്കെല്ലാവർക്കും ബാധ്യതയുണ്ട്. ഹിംസയെന്ന ആധുനിക ദേശരാഷ്ട്രത്തിന്റെ ഘടനാപരമായ അനിവാര്യതയെ ആഴത്തിലുള്ള അറിവും ചിന്താശക്തിയും ഭാവനാശേഷിയും കൊണ്ട് അഹിംസാത്മകമായി മറികടക്കേണ്ടതുണ്ട്.

കേരളീയത്തിന് നേരെയുണ്ടായ പോലീസ് കടന്നാക്രമണത്തോട് പ്രതികരിച്ചുകൊണ്ട് ഞങ്ങൾക്ക് പിന്തുണ നൽകിയ, നേരിട്ടറിയുന്നതും അല്ലാത്തതുമായ എല്ലാ സുഹൃത്തുക്കളോടും നന്ദി പറയുന്നു. ഭയപ്പെടുത്താനുദ്ദേശിച്ച ഭരണകൂടം കേരളീയത്തെ കൂടുതൽ കരുത്താർജ്ജിപ്പിച്ചിരിക്കുകയാണ്. സാമൂഹിക പ്രവർത്തകരുടെയും ജനകീയ സമരങ്ങളുടെയും പൊതുപ്ലാറ്റ്ഫോമായി നിർഭയം തുടർന്നുകൊണ്ട് പരിസ്ഥിതിക്കും നീതിക്കും വേണ്ടിയുള്ള മാധ്യമദൗത്യം ഞങ്ങൾ നിതാന്ത ജാഗ്രതയോടെ മുന്നോട്ട് കൊണ്ടുപോകും. ■